മൃഗശാലകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

254 (6705) ശ്രീ. കോവിയക്കോട് എൻ കൃഷ്ണൻ നായർ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവകുപ്പുകളും മൃഗശാലകളും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) മൃഗശാലകളിലെ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിലെ അപര്യാപ്തതമൂലം മൃഗങ്ങളെ പരിപാലിക്കുന്നതിന് സാധിക്കാതെ വരുന്നു എന്നും ഗുരുതരമായ രോഗങ്ങൾ വന്ന് മൃഗങ്ങൾ ചാകുന്നതിന് കാരണമാകുന്നു എന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിരവധിപേർ സന്ദർശകരായി എത്തുന്ന മൃഗശാലകളിൽ കുടിവെള്ളം പോലുള്ള അടിസ്ഥാന സൗകര്യം ലഭ്യമല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വിദേശത്തുനിന്നും എത്തിക്കുന്ന മൃഗങ്ങൾക്ക് യഥാസമയം ക്വിറ്റനസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തതും, ആവശ്യമായ തരത്തിലുള്ള കൂടുകളും മറ്റും സജ്ജീകരിക്കാത്തതുംമൂലം പലപ്പോഴും മൃഗങ്ങളെ പ്രദർശിപ്പിക്കാൻ സാധിക്കാതെ വരുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വർഷങ്ങൾ പഴക്കമുള്ള കൂടുകൾ തുരുമ്പെടുത്ത നിലയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തതമൂലം പരിചരണം നൽകാൻ സാധിക്കാതെ രോഗാവസ്ഥയിലാകുന്ന പക്ഷി മൃഗാദികൾക്ക് സംരക്ഷണം നൽകാൻ സാധിക്കാതെ ജീവനക്കാർ ആശങ്കയിലാണെന്ന വാർത്തകൾ വിലയിരുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. മൃഗശാലകളിലെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലെ അപര്യാപ്തതമൂലം മൃഗങ്ങളെ പരിപാലിക്കുന്നതിന് സാധിക്കാതെ വരുന്നതായും ഗുരുതരമായ രോഗങ്ങൾവന്ന് മൃഗങ്ങൾ ചാകുന്നതായുള്ള ആക്ഷേപങ്ങളൊന്നും നിലവിലില്ല.

(ബി) ഉണ്ട്. പ്രസ്തുതപരാതി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സന്ദർശകർക്കായി മൃഗശാല പ്രവേശന കവാടത്തിനടുത്തും മൃഗശാലയ്ക്കുള്ളിലുമായി നാലിടത്ത് കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ ടി സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. മൃഗശാലയിൽ സുലഭ് ഇന്റർനാഷണൽ നടത്തുന്ന ടോയ്‌ലറ്റും മുടക്കം കൂടാതെ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഒരു ഷീ ടോയ്‌ലറ്റും സജ്ജീകരിച്ചിട്ടുണ്ട്. മ്യൂസിയം പരിസരത്ത് കാർ പാർക്കിംഗിനു സമീപം സുലഭ് ടോയ്‌ലറ്റും രണ്ട് ഇ-ടോയ്‌ലറ്റുകളും പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിദേശത്തുനിന്നും എത്തിക്കുന്ന മൃഗങ്ങൾക്ക് ഹിറ്റ്നസ് സർട്ടിഫിക്കറ്റ് ആവശ്യമില്ല. എന്നാൽ ഇന്ത്യാഗവൺമെന്റിന്റെ കീഴിലുള്ള അനിമൽ ക്വാറന്റൈൻ ആന്റ് സർട്ടിഫിക്കേഷൻ സർവ്വീസസിന്റെ ക്ലീയറൻസ് ലഭിക്കേണ്ടതായിട്ടുണ്ട്. ഈ ക്ലീയറൻസ് ലഭിച്ചാൽ മാത്രമേ ഭാരതത്തിലേക്ക് മൃഗങ്ങളെ കൊണ്ടുവരാൻ അനുവദിക്കുകയുള്ളൂ. ഇതിന്റെ കാലാവധി പല മൃഗങ്ങൾക്കും വ്യത്യസ്തമാണ്. അനിമൽ ക്വാറന്റൈൻ ആന്റ് സർട്ടിഫിക്കേഷൻ സർവ്വീസസിന്റെ അനുവാദം ലഭിച്ച മുറയ്ക്ക് അപ്പോൾതന്നെ വിദേശത്ത് നിന്നും ലഭിക്കുന്ന മൃഗങ്ങളെ പ്രദർശിപ്പിച്ചുവരുന്നു.

(ഡി) പഴക്കമുള്ള കൂടുകൾ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തതമൂലം പരിചരണം നൽകാൻ സാധിക്കാതെ രോഗാവസ്ഥയിലാകുന്ന പക്ഷിമൃഗാദികൾക്ക് സംരക്ഷണം നൽകാൻ സാധിക്കാതെ ജീവനക്കാർ ആശങ്കയിലാകുന്ന അവസ്ഥ നിവരിച്ചിട്ടില്ല. തിരുവനന്തപുരം മൃഗശാലയിൽ വന്യമൃഗങ്ങൾക്ക് ഇന്ത്യയിൽ ലഭ്യമാക്കാവുന്ന ഏറ്റവും മുന്തിയ തരത്തിലുള്ള ചികിൽസയാണ് ലഭ്യമാക്കുന്നത്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II അറിയിപ്പ്

സമയക്ലിപ്തത

മി. സ്പീക്കർ: അടിയന്തരപ്രമേയം പരിഗണനയ്ക്കെടുക്കുന്നതിനുമുമ്പ് ഒരുകാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ഇന്നലെ വൈകുന്നേരം സഭയ്ക്കകത്ത് 9.30.AM] അസാധാരണമായ ഒരു രംഗമാണ് കണ്ടത്. ഒരാൾ ഒരുഭാഗത്തും മറ്റാളുകളെല്ലാംകൂടി മറുഭാഗത്തുംനിന്ന് ഹുങ്കാരം പോലെയുള്ള രംഗമാണ് കണ്ടത്. ചെയർ മാത്രം ഒരുഭാഗത്തും മിക്കവാറുമുള്ള മറ്റാളുകൾ അപ്പുറത്തുമായിരുന്നു. അത്തരമൊരു സന്ദർഭമുണ്ടായതിൽ ചെയറിന് വളരെയധികം വിഷമമുണ്ട്. ഓരോരുത്തരും സംസാരിക്കാൻ സമയമെടുക്കുമ്പോൾ ഞാൻ മൈക്ക് ഓഫ് ചെയ്യുമെന്ന് പറയുന്നതല്ലാതെ എപ്പോഴെങ്കിലും മൈക്ക് ഓഫ് ചെയ്തിട്ടുണ്ടോ? സമയമാകുമ്പോൾ പ്രസംഗം നിയന്ത്രിക്കാൻ പറയുന്നതല്ലാതെ കർശനനിയന്ത്രണമാക്കിയിട്ടില്ല. അഞ്ച് മിനിറ്റിന് ഇരുപത്തിയഞ്ച് മിനിറ്റ് എടുക്കുന്നവർപോലും മുമ്പ് സഭ ഒന്നര മണിക്കുതന്നെ തീർത്ത ആളിന്റെ അവദാനങ്ങൾ വെളിയിൽനിന്ന് എന്നോട് പറയാറുണ്ട്. ഇതൊന്നും അറിയാത്ത ആളല്ല ഞാൻ; അന്നും ഈ സഭയിലുണ്ടായിരുന്ന ആളാണ് ഞാൻ. ഒരുപക്ഷേ ചില ആളുകൾക്ക് ഒരുപാട് കാര്യങ്ങൾ പറയാനുണ്ടാകും. കുറച്ചുനേരം മാത്രമാണ് എന്റെ നിയന്ത്രണത്തിലുള്ള സമയം. നോമ്പ് എടുക്കുന്ന സഹോദരങ്ങളുണ്ടെന്നും അവർക്ക് സമയത്തിന് നോമ്പ് തുറന്ന് ഭക്ഷണം കഴിക്കണമെന്നുള്ളതും ഇന്നലെ മാത്രമല്ല എല്ലാ ദിവസങ്ങളിലും ഞാൻ പറയുന്നതാണ്. അതെല്ലാം എല്ലാവരും കേട്ടുകൊണ്ടിരിക്കും. ഇവിടെ നേതാക്കന്മാരുടെ സാന്നിദ്ധ്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly